(ബി) ൧൧൨൫-ൽ ലേലംചെയ്തു കൊടുത്തത് ൧൧൨൫ മീനംമുതൽ ൧൧൨൬ കുംഭം അവസാനംവരെയ്ക്കായിരുന്നു. സെക്യൂരിററി ഇനത്തിൽ ൧൧൨൫ കുംഭം ൨൨-ാംനു-യിൽ ൨൦൫ രൂപാ ൧൩ ചക്രവും ൧൧൨൫ മീനം ൨-ാംനു-യിൽ ൧,൯൫൨ രൂപാ ൪ ചക്രവും ൧൧൨൬ മേടം ൧൧-ാംനു-യിൽ ൧൩,൭൮൪ രൂപാ ൧൯ ചക്രവും ഉൾപ്പെടെ ൧൯,൯൫൦ രൂപാ ൧൦ ചക്രം അടച്ചുതീർത്തു. വസ്തുജാമ്യം സ്വീകരിച്ച് ഉടമ്പടി എഴുതിവച്ചത് ൧൧൨൬ കുംഭം ൨൫-ാംനു ആകയാൽ റായൽററി അടച്ചിട്ടില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: റായൽററി അടയ്ക്കാത്തതുകൊണ്ടുള്ള നഷ്ടം പരിഹരിക്കാൻ എങ്ങനെയാണ് ഉദ്ദേശിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതു സംബന്ധിച്ച് എഴുത്തുകുത്തു് നടത്തിവരുന്നു.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അങ്ങനെ എഴുത്തുകുത്തു് നടത്തിത്തുടങ്ങിയിട്ട് എത്രകാലമായി?

ശ്രീ. ടി. കെ. നാരായണപിള്ള: മാർച്ച്മാസം മുതലാണെന്നു് തോന്നുന്നു.

ശ്രീ. എ. താണുപിള്ള: സർ, ഈ ശംഖ് ശേഖരിക്കുന്നതു് വെള്ളത്തിന്റെ അടിയിൽനിന്നാണോ കരയ്ക്കു കിടക്കുന്നതാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടിടത്തിൽനിന്നും.

ശ്രീ. എ. താണുപിള്ള: ഇൻഡ്യാഗവമ്മെണ്ടിൽനിന്നും ഇതിനെ സംബന്ധിച്ച് നിയന്ത്രിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. എ. താണുപിള്ള: എഴുത്തുകുത്തു് ഇതിനെ സംബന്ധിച്ചുണ്ടായിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടായിട്ടില്ല.

മരച്ചീനികൃഷി

*൮൯൮. (൨൨) **ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്:** താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട കൃഷികാര്യവകുപ്പുമന്ത്രി ദയവു് മറുപടി നൽകുമോ.—

മരച്ചീനിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു് ഗവമ്മെണ്ടു് പ്രത്യേകമായി എന്തെങ്കിലും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (**ശ്രീ. ടി. കെ. നാരായണപിള്ള**): ഉണ്ടു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: എന്തുപദ്ധതികളാണ്.

Sri. T. K. Nararayana Pillai: One is intensive cultivation of tapioca and the other is introduction of good varieties of tapioca. ഇതനുസരിച്ച് അവർക്ക് വളം സൌജന്യമായി കൊടുക്കുന്നുണ്ടു്. ഇൻഡ്യാ ഗവമ്മെണ്ടിൽനിന്നും ഈ കാര്യത്തിലേക്ക് ൧,൨൦൦ ടൺ വളം കിട്ടണമെന്നു് കാണിച്ച് എഴുത്തുകുത്തു് നടത്തിവരുന്നുണ്ടു്. ഗവമ്മെണ്ടാഭിമുഖ്യത്തിൽതന്നെ മരച്ചീനി പ്രത്യേകം വളർത്തിവരുന്നുണ്ടു്. അതു നല്ലതരം മരച്ചീനിയാണ്. അതും ഇവർക്ക് വിററുവരുന്നു. ഈ മരച്ചീനി നടുന്നപക്ഷം ഇന്നുള്ള വിലയുടെ ൨൫ ശതമാനം കൂടുതൽ കിട്ടുമെന്നാണ് പരിചയമുള്ള കൃഷിക്കാരിൽനിന്നു ഗവമ്മെണ്ടിനു് മനസ്സിലാക്കുവാൻ ഇടയായിട്ടുള്ളതു്.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: മരച്ചീനികൃഷിക്ക് കൊടുത്ത സ്ഥലത്ത് നെൽകൃഷി നടത്തിവരുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മരച്ചീനി കയററി അയക്കുന്നതിന് പെർമിററ് കൊടുക്കുന്നത് മരച്ചീനി കൂടുതൽ ഉല്പാദിപ്പിക്കുന്നതിന് കാരണമാണെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആയിരിക്കാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ആവശ്യത്തിൽ കൂടുതൽ ഇവിടെ മരച്ചീനി ഉല്പാദിപ്പിക്കുന്നു എന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഗവർമ്മെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടില്ല. അതിനെ സംബന്ധിച്ച് കണക്കെടുത്തിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: മരച്ചീനി കുറഞ്ഞ വിലക്ക് കിട്ടുവാൻ വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനാണ് കയററുമതി നിരോധിച്ചത്

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഉല്പാദനവും വിതരണവും ഇന്നവിധത്തിലായിരിക്കണമെന്ന് രേഖപ്പെടുത്തിക്കൊണ്ട് മരച്ചീനി കർഷകയൂണിയൻ പ്രസിഡണ്ട് മിസ്റ്റർ പി. സി. തോമസ് ഗവർമ്മെണ്ടിലേക്ക് എഴുത്തുകുത്ത് നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്..

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അതു സംബന്ധിച്ച് എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ പദ്ധതി തല്ക്കാലം നടപ്പിൽ വരുത്താൻ സാദ്ധ്യമല്ലെന്ന് ഗവർമ്മെണ്ട് മറുപടി കൊടുത്തിട്ടുണ്ട്.

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: ഉല്പാദനച്ചിലവ് ലഘൂകരിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ചു നടപ്പിൽവരുത്തിക്കൊണ്ടിരിക്കയാണ്.

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: ഇതുവരെ ആ വിഷയത്തിൽ കാര്യമായി യാതൊന്നും ഉണ്ടായിട്ടില്ലെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു മുഴുവൻ ശരിയല്ല.

ശ്രീ. എ. താണുപിള്ള: പുതിയതരം മരച്ചീനി വെളിയിൽനിന്ന് വരുത്തിയെന്ന് പറഞ്ഞു; എവിടെനിന്നാണ് വരുത്തുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: എവിടെനിന്ന് എന്ന് ഇതിലില്ല; മലയായിൽനിന്ന് എന്നാണ് റിപ്പോർട്ട്.

ശ്രീ. എ. താണുപിള്ള: ഇവിടെ ഉണ്ടാകുന്ന മരച്ചീനി വളർത്തിയെടുക്കുന്നതിന് കൂടുതൽ കാലം വേണ്ടിയിരിക്കുന്നതിനാൽ ഈ ൨൫ ശതമാനം ലാഭം ഉണ്ടാകുകയില്ലെന്ന് ഗവർമ്മെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടാകുമെന്നാണ് ഗവർമ്മെണ്ടിന്റെ റിപ്പോർട്ട്.

ശ്രീ. എ. താണുപിള്ള: ഇവിടെ ഉല്പാദിപ്പിക്കുന്ന മരച്ചീനി മുഴുവനും ആഹാരസാധനമായി ചിലവാകുന്നു എന്നാണോ ഗവമ്മെണ്ടിന്റെ റിപ്പോട്ടുകൾകൊണ്ടു കാണുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതേ.

ശ്രീ. എ. താണുപിള്ള: ഇതിൽ Smuggling നടക്കുന്നുണ്ടോ എന്നു അന്വേഷിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷിക്കുന്നുണ്ടു്. Smuggling നടന്നുവന്നിരുന്നു. അതു തടയുന്നതിനു് കൂടുതൽ നടപടികൾ എടുത്തിട്ടുണ്ടു്.

ശ്രീ. എൻ. പി. വർഗ്ഗീസ്സു്: മരച്ചീനി വിളവു വർദ്ധിപ്പിക്കുന്നതിനു് എന്തെല്ലാം നടപടികളാണു് എടുത്തിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് പല സംഗതികളേയും അടിസ്ഥാനമാക്കിയാണു് ഇരിക്കുന്നതു്. മണ്ണിന്റെ ഗുണം, വേലചെയ്യുന്നതിന്റെ തോതു്, വളം, ഇവയൊക്കെ ആശ്രയിച്ചിരിക്കും.

ശ്രീ. എൻ. പി. വർഗ്ഗീസ്സു്: ഇവിടെ എക്കറിനു് എത്ര ടൺവീതം ഉണ്ടാകുന്നുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് പല സ്ഥലത്തും പല രീതിയിലായിരിക്കും. ചില സ്ഥലത്തു് ൫ ടൺ മാത്രമേ ഉണ്ടാകുകയുള്ളു. ചില സ്ഥലങ്ങളിൽ ൨൦ ടൺവരെ ഉണ്ടാകുന്നതായി റിപ്പോർട്ടുകൾ ഉണ്ടു്.

ശ്രീ. എൻ. പി. വർഗ്ഗീസ്സു്: ഒരേക്കറിൽ എത്ര നെല്ലു് ഉല്പാദിപ്പിക്കാമെന്നു് കണക്കുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കണക്കെടുത്തിട്ടുണ്ടു്. പക്ഷെ അതു ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. എ. താണുപിള്ള: Smuggling നിർത്തിയാൽ പിന്നീടു് കൺട്രോൾ ചെയ്യുകയാണെങ്കിൽ വെളിയിലേക്കു് അയക്കാൻ ഉണ്ടാകുമോ എന്നു് അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. മരച്ചീനി എതെങ്കിലും കാരണവശാൽ വെളിയിൽ അയക്കുകയാണെങ്കിൽ ആഹാരസാധനങ്ങൾക്കു് വൈഷമ്യം ഉണ്ടാകുമെന്നാണു് ഗവമ്മെണ്ടിനു് മനസ്സിലായിട്ടുള്ളതു്. മരച്ചീനി കയററുമതി ചെയ്യുകയാണെങ്കിൽ അതിനു് ഇവിടെ വില കൂടുകയും സാധുജനങ്ങൾ വളരെ വിഷമിക്കുകയും ചെയ്യുന്നതാണു്.

ശ്രീ. മാന്നാർ ഗോപാലൻനായർ: നല്ല മരച്ചീനി ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടെ ഗവമ്മെണ്ടു് ഫാറത്തിൽ ഉണ്ടാകുന്നുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: മരച്ചീനി നെൽകൃഷിയെക്കാൾ ആദായകരമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആണെന്നു തോന്നുന്നു.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്സു്: ഈ പെർമിററു് ഇപ്പോഴും നിലവിലുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ പെർമിററു് കൊടുക്കുന്നില്ല.

സാഹിബ് ബഹദൂർ അബ്ദുൾ അസീസ്സു്: പെർമിററു കൊടുത്തതിൽ കയററി അയക്കാതെ ബാക്കി ഇരിപ്പുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നിശ്ചയമില്ല.

ശ്രീ. കെ. അയ്യപ്പൻ: കയററമതി നിരോധിച്ചതിൽപിന്നെ മരച്ചീനിയുടെ വില കുറഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. കെ. അയ്യപ്പൻ: ഇപ്പോഴ് മരച്ചീനിയുടെ വില എന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: പല സ്ഥലത്തും പല വിധത്തിലാണ്. ചില സ്ഥലങ്ങളിൽ പണത്തിന് ആറു റാത്തലും ചില സ്ഥലങ്ങളിൽ ഒരു റാത്തലിന് ഒരു ചക്രവും ആണ് ഉള്ളത്.

ശ്രീ. കെ. അയ്യപ്പൻ: മുമ്പത്തെ വിലയിൽനിന്നും ഇതിൽ വ്യത്യാസമൊന്നും ഇല്ലല്ലോ?

ശ്രീ. ടി. കെ. നാരായണപിള്ള: തീർച്ചയായും കുറവാണ്. മുൻപ് ഒരു റാത്തലിന് ഒന്നര ചക്രവും രണ്ടു ചക്രവും പോലും ഉണ്ടായിരുന്നു.

ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ: മരച്ചീനിയേക്കാൾ ആദായകരമായ വേറെ കൃഷിയൊന്നുമില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്. കുരുമുളക്, റബ്ബർ മുതലായവ മരച്ചീനിയെക്കാൾ ആദായകരമാണ്.

ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ: അതല്ല ഞാൻ ചോദിച്ചത്. ഭക്ഷണസാധനങ്ങളിൽ മരച്ചീനിയെക്കാൾ ആദായകരമായ വേറെ കൃഷിയില്ലേ എന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാൻ പാടില്ല.

പുറമ്പോക്കു ജലാശയങ്ങൾ

*൯൯൦. (൨൩) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഫിഷറീസുവകുപ്പ്മന്ത്രി സദയം മറുപടി നല്കുമോ.—

(എ) പുറമ്പോക്കു ജലാശയങ്ങളിൽ മീൻപിടിക്കുന്നതിനുള്ള കുത്തക ഏർപ്പാട് നിറുത്തണമെന്നു ജനങ്ങൾ ആവശ്യപ്പെടാൻ തുടങ്ങിയിട്ടു എത്ര കാലമായി;

(ബി) അതു നിറുത്തൽചെയ്യാൻ ഗവർമ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഏകദേശം രണ്ടു കൊല്ലങ്ങൾക്കു മുമ്പെ ഗവർമ്മെണ്ടിന് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

ശ്രീ. റാഫേൽ ജെ. റോഡ്രിഗ്സ്: ഇതു് തൊഴിലാളികൾക്ക് ഉപദ്രവകരമാണെന്നു അറിയുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കൊച്ചിയിലുള്ള രീതി തിരുവിതാംകൂറിലും നടപ്പിൽ വരുത്തണമെന്നാണ് ഗവർമ്മെണ്ടിന്റെ ഉദ്ദേശം. കോവാപ്പറേററീവ് സൊസൈററികൾക്ക് ഇതു് പാട്ടം കൊടുക്കുന്നപക്ഷം അവർക്ക് പ്രയോജനകരവും ഗവർമ്മെണ്ടിന് ആദായകരവും ആയിരിക്കുമെന്നാണ് ഗവർമ്മെണ്ട് കരുതുന്നത്. അതുകൊണ്ട് ആ നടപടിക്രമം ഇവിടെയും സ്വീകരിക്കാമെന്നുദ്ദേശിക്കുന്നു.